**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6088** **17-03-2023 - ൽ മറുപടിയ്ക്ക്**

**നികുതി ഇനത്തിൽ പിരിച്ചെടുക്കാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സി. ആൻഡ് എ.ജി.യുടെ 2019-21 കാലയളവിലെ സംസ്ഥാന വരുമാനം സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിൽ സംസ്ഥാന സർക്കാരിന് നികുതി പിരിവിൽ ഗുരുതര വീഴ്ചകൾ സംഭവിച്ചുവെന്ന് കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സി&എ.ജി.യുടെ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>ചരക്കുസേവന നികുതി വകുപ്പ്<br><br>സി&എ.ജി.യുടെ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന നികുതി കുടിശ്ശിക 31.03.2021 വരെയുള്ള കാലയളവിനെ സംബന്ധിച്ചിട്ടുള്ളതാണ്. ഈ തുക റവന്യൂ റിക്കവറി നടപടിക്രമങ്ങൾ, ബഹു. ഹൈക്കോടതി തുടങ്ങിയ ജുഡീഷ്യൽ അധികാരികളുടെ സ്റ്റേ, എന്നിങ്ങനെ വിവിധ തലങ്ങളിൽ ഉൾപ്പെട്ടിരുന്നതാണ്. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നികുതി കുടിശ്ശിക തീർപ്പാക്കുന്നതിലേക്കായി മുൻവർഷ ങ്ങളിൽ നിലനിന്നിരുന്ന ആംനസ്റ്റി സ്കീം 2022-23 സാമ്പത്തിക വർഷം വരെ തുടർന്നിരുന്നു. വകുപ്പ് തലത്തിലും കളക്ടറുടെ തലത്തിലുമുള്ള റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുവാൻ ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിലെ പ്രാധാന്യം കണക്കിലെടുത്ത് വകുപ്പിന്റെ പുന:സംഘടനയിൽ ജില്ലാ അടിസ്ഥാനത്തിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് മാത്രമായി ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്.<br><br>ലാൻഡ് റവന്യൂ<br><br>സി.&.എ.ജിയുടെ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് പല തലങ്ങളിലായുള്ള അവലോകന യോഗങ്ങൾ നടത്തിയിട്ടുള്ളതും തദ്വാരാ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സാധിച്ചിട്ടുള്ളതുമാണ്. കൂടാതെ |

| | | | |
|---|---|---|---|
| | | | കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒരു തീവ്രയജ്ഞ പരിപാടി നടത്തുന്നതിനും ഇതിനായി പ്രത്യേക ടീം രൂപീകരിച്ച് പ്രവർത്തനങ്ങൾ ഊർജ്ജിത പ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.<br><br><u>എക്സൈസ് വകുപ്പ്</u><br><br>നിലവിൽ എക്സൈസ് വകുപ്പ് നല്കുന്ന എല്ലാ ലൈസൻസുകളും, പെർമിറ്റുകളും മുൻകൂർ ഫീസ്/ നികുതി ഈടാക്കിയ ശേഷം മാത്രമാണ് അനുവദിക്കുന്നത്.<br><br>1952 മുതൽ 2011 വരെയുള്ള അബ്കാരി കുടിശ്ശികയിനത്തിൽ 31.01.2023 വരെ മുതൽ ഇനത്തിൽ 57,91,02,497/- രൂപയും പലിശയിനത്തിൽ 232,14,17,694/- രൂപയുമായി ആകെ 290,05,20,191/- രൂപ കുടിശ്ശികയായി നിലനിൽക്കുന്നു. എല്ലാ കുടിശ്ശികകളും തന്നെ റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ ചെയ്തിട്ടുള്ളതാണ്.<br><br>എക്സൈസ് വകുപ്പിൽ അബ്കാരി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനായി പുതിയൊരു ആംനെസ്റ്റി സ്കീം (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി) നടപ്പാക്കുകയും ആയതിന്റെ നടപടികൾ തുടർന്നുവരുന്നതുമാണ്.<br><br><u>മോട്ടോർ വാഹന വകുപ്പ്</u><br><br>നികുതി കുടിശ്ശിക വരുത്തുന്ന വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ വഴി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതുപോലെ തന്നെ നികുതി അടയ്ക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും, ഇത്തരം വാഹനങ്ങളിൽ നിന്ന് നികുതി പിരിച്ചെടുക്കുന്നതിന് വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടികൾ സ്വീകരിക്കുവാനും എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാത്രമല്ല വകുപ്പിൽ പിരിഞ്ഞു കിട്ടാൻ സാധ്യതയില്ലാത്ത നികുതി കുടിശ്ശികയിൽ ഒരു ഭാഗമെങ്കിലും ലഭ്യമാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. നികുതി കുടിശ്ശിക വരുത്തിയ ഒരു വാഹനവും നിരത്തിലോടുന്നില്ലായെന്ന് ഉറപ്പു വരുത്തുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | സി. ആൻഡ് എ.ജി.യുടെ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | സി&എ.ജി.യുടെ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.<br><br><u>ചരക്കുസേവന നികുതി വകുപ്പ്</u> |

സി&എ.ജി.യുടെ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന നികുതി കുടിശ്ശിക 31.03.2021 വരെയുള്ള കാലയളവിനെ സംബന്ധിച്ചിട്ടുള്ളതാണ്. ഈ തുക റവന്യൂ റിക്കവറി നടപടിക്രമങ്ങൾ, ബഹു. ഹൈക്കോടതി തുടങ്ങിയ ജുഡീഷ്യൽ അധികാരികളുടെ സ്റ്റേ, എന്നിങ്ങനെ വിവിധ തലങ്ങളിൽ ഉൾപ്പെട്ടിരുന്നതാണ്. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നികുതി കുടിശ്ശിക തീർപ്പാക്കുന്നതിലേക്കായി മുൻവർഷ ങ്ങളിൽ നിലനിന്നിരുന്ന ആംനസ്റ്റി സ്കീം 2022-23 സാമ്പത്തിക വർഷം വരെ തുടർന്നിരുന്നു. വകുപ്പ് തലത്തിലും കളക്ടറുടെ തലത്തിലുമുള്ള റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുവാൻ ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിലെ പ്രാധാന്യം കണക്കിലെടുത്ത് വകുപ്പിന്റെ പുന:സംഘടനയിൽ ജില്ലാ അടിസ്ഥാനത്തിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് മാത്രമായി ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്.

<u>ലാൻഡ് റവന്യൂ</u>

സി.&.എ.ജിയുടെ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് പല തലങ്ങളിലായുള്ള അവലോകന യോഗങ്ങൾ നടത്തിയിട്ടുള്ളതും തദ്വാരാ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സാധിച്ചിട്ടുള്ളതുമാണ്. കൂടാതെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒരു തീവ്രയജ്ഞ പരിപാടി നടത്തുന്നതിനും ഇതിനായി പ്രത്യേക ടീം രൂപീകരിച്ച് പ്രവർത്തനങ്ങൾ ഊർജ്ജിത പ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

<u>എക്സൈസ് വകുപ്പ്</u>

നിലവിൽ എക്സൈസ് വകുപ്പ് നല്കുന്ന എല്ലാ ലൈസൻസുകളും, പെർമിറ്റുകളും മുൻകൂർ ഫീസ്/ നികുതി ഈടാക്കിയ ശേഷം മാത്രമാണ് അനുവദിക്കുന്നത്.

1952 മുതൽ 2011 വരെയുള്ള അബ്കാരി കുടിശ്ശികയിനത്തിൽ 31.01.2023 വരെ മുതൽ ഇനത്തിൽ 57,91,02,497/- രൂപയും പലിശയിനത്തിൽ 232,14,17,694/- രൂപയുമായി ആകെ 290,05,20,191/- രൂപ കുടിശ്ശികയായി നിലനിൽക്കുന്നു. എല്ലാ കുടിശ്ശികകളും തന്നെ റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ ചെയ്തിട്ടുള്ളതാണ്.

| | | | |
|---|---|---|---|
| | | | എക്സൈസ് വകുപ്പിൽ അബ്കാരി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനായി പുതിയൊരു ആംനെസ്റ്റി സ്കീം (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി) നടപ്പാക്കുകയും ആയതിന്റെ നടപടികൾ തുടർന്നുവരുന്നതുമാണ്.<br><br><u>മോട്ടോർ വാഹന വകുപ്പ്</u><br><br>നികുതി കുടിശ്ശിക വരുത്തുന്ന വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ വഴി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതുപോലെ തന്നെ നികുതി അടയ്ക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും, ഇത്തരം വാഹനങ്ങളിൽ നിന്ന് നികുതി പിരിച്ചെടുക്കുന്നതിന് വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടികൾ സ്വീകരിക്കുവാനും എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാത്രമല്ല വകുപ്പിൽ പിരിഞ്ഞു കിട്ടാൻ സാധ്യതയില്ലാത്ത നികുതി കുടിശ്ശികയിൽ ഒരു ഭാഗമെങ്കിലും ലഭ്യമാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. നികുതി കുടിശ്ശിക വരുത്തിയ ഒരു വാഹനവും നിരത്തിലോടുന്നില്ലായെന്ന് ഉറപ്പ് വരുത്തുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ